നെൽക്കർഷകർക്കു ധനസഹായം

115 [2104] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയലുകൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ പറയാമോ;

(സി) നെൽക്കൃഷിയിലൂടെ കടക്കെണിയിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) നെൽവയലുകൾ നികത്തി കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത് നിയന്ത്രിക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്;

(ഇ) നെൽവയലുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അവശേഷിക്കുന്ന വയലുകളുടെയും നെൽകർഷകരുടെയും വിശദമായ വിവരങ്ങൾ ശേഖരിച്ച് അവർക്കാവശ്യമായ ധനസഹായം ഉൾപ്പെടെ വിതരണം ചെയ്യുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് 1967-ലെ കേരള ഭൂ വിനിയോഗ നിയമം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാകളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി നിയമപ്രകാരം നെൽപ്പാടങ്ങൾ നികത്തുന്നതും, തരിശിടുന്നതും മറ്റുവിളകൾക്കായി ഉപയോഗിക്കുന്നതും ശിക്ഷാർഹമാണ്. നിയമം കർശനമായി നടപ്പിലാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നെൽവയലുകൾ മറ്റു കൃഷിക്കായി ഉപയോഗിക്കുന്നത് തടയുന്നതിനും നെൽക്കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) വരൾച്ചമൂലം വിളനാശം സംഭവിച്ച നെൽക്കർഷകർക്ക് ഹെക്ടർ ഒന്നിന് 3000 രൂപ നിരക്കിൽ ധനസഹായം നൽകുകയും വീണ്ടും കൃഷി ഇറക്കുന്നതിന് വിത്തും കുമ്മായവും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃഷി ചെലവ് കുറയ്ക്കാനും കൂടുതൽ ആദായം ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

(ഡി) 'ബി' പിരിവിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നെൽക്കർഷകരെ ആകർഷിക്കുന്നതിനും നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നെൽവയലുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തരിശുകിടക്കുന്ന സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്. അവശേഷിക്കുന്ന വയലുകളുടെയും നെൽക്കർഷകരുടെയും വിവരങ്ങൾ ശേഖരിച്ച് അവർക്കാവശ്യമായ ധനസഹായം വിതരണം ചെയ്യുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly